# മഹാത്മാഗാന്ധി സർവ്വകലാശാല

നം: എ.ഡി.ബി.1/2/എച്ച്.ബി.എ/2017 തീയതി: 10/04/2017

## പരിപത്രം

**വിഷയം:** മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കുമുള്ള ഭവനനിർമ്മാണ വായ്പാ പദ്ധതി സംബന്ധിച്ച്:-

**സൂചന:** 1. G. O. (P) No. 505/2009/Fin തീയതി: 12.11.2009

2. Endt. No. Ad. A III/2/6386/3223/07 തീയതി: 01.12.2009

മേൽ സൂചന (1) പ്രകാരം, സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതി ഗവൺമെന്റ് പുനഃസ്ഥാപിച്ചു. മേൽ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പാക്കിക്കൊണ്ട് സൂചന (2) പ്രകാരം ഉത്തരവായി. നടപ്പു സാമ്പത്തിക വർഷത്തിൽ വീട്/ഫ്ളാറ്റ് വാങ്ങുന്നതിനും നിർമ്മിക്കുന്നതിനും മാത്രമായി ഭവന നിർമ്മാണ വായ്പ പരിമിതപ്പെടുത്തിയിരിക്കുന്നു. കേരള ഫിനാൻഷ്യൽ കോഡിന്റെ ആർട്ടിക്കിൾ 244(c) യിൽ പരാമർശിക്കുന്ന ഫാറം നം: 29 ൽ ആയിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആവശ്യമായ പ്രമാണങ്ങളോടൊപ്പം പൂരിപ്പിച്ച അപേക്ഷ സമർപ്പിക്കേണ്ട സമയ പരിധി 01.05.2017 മുതൽ 31.05.2017 വരെ നിജപ്പെടുത്തിയിരിക്കുന്നു.

### അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട പ്രമാണങ്ങൾ

1. നടപ്പു സാമ്പത്തിക വർഷത്തിൽ വസ്തുവിന്റെ കരം അടച്ച രസീത്.
2. കൈവശാനുഭവ സർട്ടിഫിക്കറ്റ്.
3. ലൊക്കേഷൻ സ്കെച്ച്
4. സബ് രജിസ്ട്രി കാര്യാലയത്തിൽ നിന്നുള്ള 12 വർഷത്തെ ബാദ്ധ്യത സർട്ടിഫിക്കറ്റ്
5. പുതിയതായി നിർമ്മിക്കുന്ന വീടിന്റെ പ്ലാനും എസ്റ്റിമേറ്റും പകർപ്പു സഹിതം.
6. അസ്സൽ ആധാരവും മുന്നാധാരങ്ങളുടെ പകർപ്പും.
7. തദ്ദേശഭരണസമിതിയിൽ നിന്നുള്ള ബിൽഡിംഗ് പെർമിറ്റ്.
8. വീടോടുകൂടിയ സ്ഥലം വാങ്ങുന്ന കാര്യത്തിൽ, വില്ലേജ്/താലൂക്ക് ഓഫീസറുടെ പക്കൽ നിന്നും ഭൂമിയുടെ വില നിർണ്ണയ സാക്ഷ്യപത്രവും വിലയാധാരവും.

മേൽ ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് ഭവന നിർമ്മാണ വായ്പയ്ക്ക് അർഹരായ സർവ്വകലാശാലാ ജീവനക്കാർക്കും അദ്ധ്യാപകർക്കും അപേക്ഷ ഫാറത്തിനും മറ്റു വിവരങ്ങൾക്കുമായി എ.ഡി.ബി 1 സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ്.

**ഒപ്പ്**
**രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന**
**ഡയറക്ടർ, കോളേജ് ഡവലപ്മെന്റ് കൗൺസിൽ**

**പകർപ്പ്:**

1. വിസി/പിവിസി യുടെ പി. എസ്
2. രജിസ്ട്രാർ/എഫ്. ഒ/സി. ഇ യുടെ പി. എ
3. പി. ആർ. ഒ/എൻക്വയറി
4. ഗവ: ഓഡിറ്റർ
5. എല്ലാ വകുപ്പുകൾ/സെന്ററുകൾ/സെക്ഷനുകൾ
6. ഫിനാൻസ് I/IV
7. ഓഡിറ്റ് സെക്ഷനുകൾ
8. ബഡ്ജറ്റ് സെൽ
9. റെക്കോർഡ് സെക്ഷൻ
10. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ